**യു.എ.ഇ.യിലുള്ള  ഇന്ത്യൻ പൗരന്മാർക്കായുള്ള ജാഗ്രതാ നിർദ്ദേശം**

**വിഷയം: എമർജൻസി സർട്ടിഫിക്കറ്റ് / എക്സിറ്റ് പെർമിറ്റ് / എമിറേറ്റ്സ് ഐഡി / വിസ ക്രമപ്പെടുത്തൽ എന്നിവ ലഭ്യമാക്കുന്നതിന്റെ പേരിൽ അനധികൃത ഏജന്റുമാരും വ്യക്തികളും നടത്തുന്ന തട്ടിപ്പുകൾ.**

യു.എ.ഇ.യിലുള്ള നിരവധി ഇന്ത്യൻ പൗരന്മാർ, പ്രത്യേകിച്ച് ബ്ലൂ കോളർ തൊഴിലാളികൾ, വിസ ക്രമപ്പെടുത്തുന്നതിനോ, എമർജൻസി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ വൈറ്റ് പാസ്പോർട്ട് വാങ്ങുന്നതിനോ, യു.എ.ഇ.യിൽ നിന്ന് പുറത്തുകടക്കാൻ ആവശ്യമായ എക്സിറ്റ് പെർമിറ്റ് അല്ലെങ്കിൽ ഔട്ട്പാസ്സ് നേടുന്നതിനോ, എമിറേറ്റ്സ് ഐഡി അല്ലെങ്കിൽ ജോലി തരപ്പെടുത്തി നൽകുന്നതിനോ സഹായിക്കാമെന്ന് വ്യാജമായി അവകാശപ്പെടുന്ന വ്യക്തികളുടെയും ഏജൻറുമാരുടെയും തട്ടിപ്പുകൾക്ക് ഇരയാകുന്നതായി ദുബായിലെയും നോർത്തേൺ എമിറേറ്റ്സിലെയും കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ തട്ടിപ്പിലൂടെ വ്യക്തികൾ/ഏജന്റുമാർ ഇരകളാക്കപ്പെടുന്നവരുടെ  മുഖവും വിരലടയാളവും സ്കാൻ ചെയ്യിക്കുന്നു. തുടർന്ന് ഇതിലൂടെ  ഇന്ത്യൻ പൗരന്മാരുടെ അറിവോ സമ്മതമോ ഇല്ലാതെ അവരുടെ പേരിൽ വ്യാജ സാമ്പത്തിക ഇടപാടുകൾ നടത്താനും ബാങ്ക് അക്കൗണ്ടുകൾ തുറക്കാനും ലോണുകൾ  ക്രെഡിറ്റ് കാർഡുകൾ  മുതലായവ സ്വന്തമാക്കാനും  ഉപയോഗിക്കുന്നു. ഇത് കാരണം തങ്ങൾ അറിയാത്ത സാമ്പത്തിക ബാധ്യതകൾക്കും ഇടപാടുകൾക്കും ഇരകൾ ഉത്തരവാദികളാകുകയും, തത്ഫലമായി വൻ തുക പിഴയായും, യാത്രാവിലക്കായും, ചില സന്ദർഭങ്ങളിൽ ജയിൽ ശിക്ഷയായും ലഭിക്കാൻ സാധ്യതയുണ്ട്. നിങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇത്തരം തട്ടിപ്പുകളിൽ വീഴാതിരിക്കുന്നതിനും, എല്ലാ ഇന്ത്യൻ പൗരന്മാരും ഇനിപ്പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കാൻ നിർദ്ദേശിക്കുന്നു:

**എ)** യാതൊരു കാരണവശാലും നിങ്ങളുടെ പാസ്പോർട്ട്, എമിറേറ്റ്സ് ഐഡി, ബയോമെട്രിക് വിവരങ്ങൾ (കണ്ണ്/മുഖം സ്കാൻ അല്ലെങ്കിൽ വിരലടയാളം), അല്ലെങ്കിൽ വ്യക്തിഗത-സാമ്പത്തിക വിവരങ്ങൾ എന്നിവ അനധികൃത വ്യക്തികളുമായോ ഏജൻസികളുമായോ പങ്കിടരുത്.

**ബി)** എക്സിറ്റ് പെർമിറ്റ് (ഔട്ട്പാസ്സ്), എമിറേറ്റ്സ് ഐഡി, അല്ലെങ്കിൽ വിസ ക്രമപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായി വരുന്ന ബയോമെട്രിക് സ്കാനുകൾ (കണ്ണ്/മുഖം സ്കാൻ അല്ലെങ്കിൽ വിരലടയാളം)

യു.എ.ഇ ഔദ്യോഗിക ഗവൺമെന്റ് കേന്ദ്രങ്ങളിൽ/കൗണ്ടറുകളിൽ മാത്രമേ നൽകാവൂ. യു.എ.ഇ അധികൃതരുടെ അനുമതിയുണ്ടെന്ന് അവകാശപ്പെടുന്ന സ്വകാര്യ വ്യക്തികൾക്കോ, ഏജന്റുമാർക്കോ, മൂന്നാം കക്ഷി സേവന ദാതാക്കൾക്കോ ഇത് ഒരിക്കലും നൽകരുത്.

**സി)** ദുബായിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയോ, അബുദാബിയിലെ എംബസി ഓഫ് ഇന്ത്യയോ, പാസ്പോർട്ടോ എമർജൻസി സർട്ടിഫിക്കറ്റോ നൽകുന്നതിന് അപേക്ഷകരിൽ നിന്ന് യാതൊരുവിധ വിരലടയാള സ്കാനോ, മുഖം/കണ്ണ് സ്കാനോ ആവശ്യപ്പെടുന്നില്ല. കോൺസുലേറ്റിന്റെയോ എംബസിയുടെയോ പേരിൽ ഇത്തരം ബയോമെട്രിക് വിവരങ്ങൾ ആവശ്യപ്പെടുന്ന ഏതൊരു വ്യക്തിയും ഏജന്റും തട്ടിപ്പാണ് നടത്തുന്നത്, അവരെ പ്രോത്സാഹിപ്പിക്കരുത്.

**ഡി)** ബയോമെട്രിക് വിവരങ്ങളോ എമിറേറ്റ്സ് ഐഡിയോ ആവശ്യപ്പെട്ട് അനധികൃത വ്യക്തികളോ ഏജന്റുമാരോ സമീപിക്കുകയാണെങ്കിൽ, വിവരങ്ങളുടെ വിശ്വാസ്യത പരിശോധിക്കുന്നതിനും മറ്റ് സഹായങ്ങൾക്കും വേണ്ടി പ്രവാസി ഭാരതീയ സഹായ കേന്ദ്രവുമായി (Pravasi Bharatiya Sahayta Kendra) ബന്ധപ്പെടുക. ഇതിനായി ടോൾ ഫ്രീ നമ്പറായ 80046342 ലേക്കോ, 00971543090571 എന്ന നമ്പറിലേക്ക് വാട്സാപ്പ് / എസ്.എം.എസ് വഴിയോ, അല്ലെങ്കിൽ pbsk.dubai@mea.gov.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, യു.എ.ഇ.യിൽ താമസിക്കുന്നതോ സന്ദർശിക്കുന്നതോ ആയ എല്ലാ ഇന്ത്യൻ പൗരന്മാരും ജാഗ്രത പാലിക്കണമെന്നും, ഇത്തരം സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന ഏതൊരു വ്യക്തിയുടെയോ ഏജൻസിയുടെയോ വിശ്വാസ്യത ഉറപ്പുവരുത്തണമെന്നും, സംശയാസ്പദമായ ഏതൊരു നീക്കവും ഉടൻ തന്നെ കോൺസുലേറ്റിനെയോ ബന്ധപ്പെട്ട യു.എ.ഇ അധികാരികളെയോ അറിയിക്കണമെന്നും ദുബായിലെയും നോർത്തേൺ എമിറേറ്റ്സിലെയും കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ അഭ്യർത്ഥിക്കുന്നു.

**31 ആഗസ്റ്റ് 2026**

**ദുബായി**